KUDOS 2

# *KUDOS*

St Marys HS Kakkadampoil

KUDOS 2

# സ്വാഗതം

- 2019-20

St Marys HS Kakkadampoil

KUDOS 2

## ഉള്ളടക്കം

യാത്രാവിവരണം....................................................................................................12
പ്രളയമുന്നറിയിപ്പിന് ഗ്ലഗിളും....................................................................................14
The creation.........................................................................................................16
BIODIVERSITY AND HUMAN HEALTH......................................................17
ഒരിക്കൽക്കൂടി........................................................................................................18
കാലടിപ്പാടുകൾ....................................................................................................21
കേരളം എന്ന പുണ്യനാട്....................................................................................23
ക്ഷണഭംഗരങ്ങൾ..................................................................................................27
നല്ല മനുഷ്യൻ......................................................................................................29
സ്വഭാവത്തിന്റെ ശക്തി.......................................................................................30
ജീവിതം വരയ്ക്കുമ്പോൾ.......................................................................................32
മാന്ത്രിക ദണ്ഡ്.......................................................................................................35
വികൃതി മാറി........................................................................................................39
വിപ്ലവകാരികൾ....................................................................................................41
1942-ലെ ക്വിറ്റിന്ത്യാ സമരക്കാലത്ത് എല്ലാവരുടെയും കണ്ണ് പാറ്റ്നയിൽ തിരിച്ചിരുന്നു. സമരകാഹളം മുഴങ്ങിയതോടെ നാലുഭാഗത്തുനിന്നും ഗ്രാമീണർ പാറ്റനയിലേക്ക് ഇടിച്ചുകയറി. ഡോ. രാജേന്ദ്രപ്രസാദിന്റെ ബന്ധനത്തോടെ.......................................................................................................41
ത്രിലോക സിംഹ് പാങ്കതി....................................................................................46
എന്റെ പ്രാവ്..........................................................................................................49
വിടരും മൊട്ടിനോടൊപ്പമുണർന്ന്.......................................................................49
പ്രാർത്ഥന...............................................................................................................50
ഓർമയിൽ ഒരു ജ്വാല.............................................................................................52
പൂർവ്വാശ്രമം.........................................................................................................53
പൊതുവിജ്ഞാനം..................................................................................................54
എന്റെ ഗ്രാമത്തിലൂടെ...........................................................................................56
ഞങ്ങളുടെ വിദ്യാലയത്തിലെക്ക്.........................................................................60
കുഞ്ഞു ഹൃദയങ്ങളിലെക്ക്.................................................................................64
നിങ്ങളെൻ ലോകത്തെ എന്തു ചെയ്തു.................................................................72
മതിലേരിക്കന്നി....................................................................................................73
തുടിതാളം തേടി....................................................................................................75
വേഗമുറങ്ങൂ..........................................................................................................76
കേരളഗാനം...........................................................................................................78

St Marys HS Kakkadampoil

!ഒരുത്തരം........82
മകനേ പൊറുക്കുക........84
എഴുത്തച്ഛൻ........85
മഹാകാവ്യം........87
ഖണ്ഡകാവ്യം........88
കാളകൾ........89
സഫലമീയാത്ര........90
ജവഹർലാൽ നെഹ്റു (1889-1964)........91
പദപരിചയം........93
ഒരു ചിത്രം........94
Blogs........96
Tolstoy farm........97
STAY WILD........98
I am a Soldier........99
അമ്പാടിയിലേക്ക്........102
നന്ദി........105

# EDITORIAL BOARD

- JOMOLJOSEPH
- SALVIN FRANCIS
- ATHULYA GEOREKUTTY
- ALEENA SHAJI
- SONA SOMY
- ATHULYA SUNEESH
- ANN MARIYA
- BIBINA BIJU
- ANNITTA

പ്രിയരേ

മികച്ച രീതിയിൽ ഏറ്റവുമധികം നന്മയും വിശാലമായ കാഴ്ചപ്പാടുകളുമായി വളർന്നുവരുന്ന പുതുതലമുറക്ക് എല്ലാവിധ ആശംസകളും നേർന്നുകൊള്ളുന്നു.

St Marys HS Kakkadampoil

# ആമുഖം

ഉചിതമായ മാറ്റങ്ങളോടെ പൊതു വിദ്യാഭ്യാസ മേഖല ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഓരോ കുട്ടിക്കും തുല്യവും ഗുണമേന്മയുള്ളതുമായ അനുഭവങ്ങളും അവസരങ്ങളും പ്രദാനം ചെയിയുന്നു. പലവിധത്തിലുള്ള കഴിവുകളുടെ നിറകുടങ്ങളാണ് കുട്ടികൾ. അവരുടെ സർഗവൈഭവങ്ങൾ പരിപോഷിപ്പിക്കുന്ന പ്രതിഭാശാലകളാണ് വിദ്യാലയങ്ങൾ. .
ഓരോ കുട്ടിയിലും ഉള്ള വിവിധങ്ങളായ കഴിവുകൾ കണ്ടെത്തി,വികസിപ്പിക്കുക വഴി അവരിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുക എന്നതാണ് നാം ഓരോരുത്തരുടെയും കടമ. ചിന്തകളുടെയും ആശയങ്ങളു-ടെയും പുതിയ ആകാശം തേടി പറക്കുന്ന കുരുന്നുകളുടെ വർണനകൾക്ക് നിറം പകരുകയാണ് ഇവിടെ.

This Magazine is dedicated to “DIFFERENTLY ABLED STUDENTS “

സമർപ്പിക്കുന്നു.........

St Marys HS Kakkadampoil

# അറിവിന്റെ അതിരുകൾ തേടി

വിശാലമായ ലോകത്തിന്റെ അതിരുകൾ തേടിപ്പോകാൻ മനുഷ്യൻ തയ്യാറാകുന്നു. അവന്റെ സഹായത്തിനായി ശാസ്ത്ര സാങ്കേതിക വിദ്യകൾ മുന്നേറേണ്ടത് ആവശ്യമാണ്.ഇന്നിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിയും ഭാവിയെ മുന്നിൽ കണ്ടും മനുഷ്യൻ മുന്നേറുകയാണ്. അവനോടൊപ്പം ശാസ്ത്രവും സാങ്കേതികവിദ്യകളും. അവയുടെ മുന്നേറ്റം മാനവരാശിയുടെ പുരോഗതിയിലേക്കുള്ള കാൽവെപ്പാണ്. ഇന്ന് ഇത്തരത്തിലുള്ള ഒരു മുന്നേറ്റം അനിവാര്യമാണ്.

പാഠപുസ്തകത്തിലെ അറിവിനപ്പുറം ലോകത്തിന്റെ അതിരുകളിലേക്ക് പറന്നുയരാൻ മനുഷ്യന് ചിറകു നൽകുന്നത് ഇന്നിന്റെ സാധ്യതകളും, ഭാവിയെക്കുറിച്ചുള്ള സങ്കൽപങ്ങളു- മാണ്. ഈ മേഖലയിൽ മികവു പുലർത്തുവരെ കണ്ടെത്തി അവർക്ക് ഇന്നുള്ള സാധ്യതകൾ വർദ്ധിപ്പിച്ചെടുക്കാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ സംരഭങ്ങൾ ഇന്ന് അനുദിനം വർധിച്ചു വരുന്നു. കേവലം പാഠപുസ്തകത്തിലെ അറിവിനപ്പുറം പുറംലോകത്തെ മനസ്സിലാക്കാനും അടുത്തിടപെഴുകുവാനും സാധ്യതകൾ ഏറെയാണ്.

ഇതിന്റെ തുടർച്ചയായാണ് സാങ്കേതിക വിദ്യയോ- ടുള്ള പുതുതലമുറയുട ആഭിമുഖ്യം ഗുണപരമായും സർഗാത്മ- കമായും പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നത് .ഇത്തരത്തിലുള്ള സാധ്യതകളെ കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തുക.
കൈകോർക്കാം, മുന്നേറാം, ഒരുമിക്കാം, ലക്ഷ്യം നേടാം..........

(ലേഖനം)

St Marys HS Kakkadampoil

ജോമോൾ ജോസഫ്

# ലിറ്റിൽ കൈറ്റ്സ്

(ഒരെത്തിനോട്ടം)

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആദിമുഖ്യം ഗുണപരമായും സർഗാത്മകമായുംപ്രയോജനപ്പെടുത്തു-ന്നതിനായി സർക്കാർ ആവിഷ്കരിച്ച ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. കുട്ടികളിലെ ഐ.ടി സാധ്യത വർധിപ്പിച്ചെടുക്കുക എന്നതാണ് ഈ ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം. ലിറ്റിൽ കൈറ്റ്സിൽ അംഗമായ കുട്ടികൾക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങളൂടെ കടന്നുപോകാനുള്ള അവസരമാണ് ലദിക്കു-ന്നത്. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആദിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കാൻ വിവിധ വിഷയമേകലകളിലെ പ്രായോഗിക പരിശീലനങ്ങൾ ഉപകാരപ്രദമാകുന്നു.

രാത്രിയുടെ അന്ധകാരത്തെ ഭേദിച്ചെത്തുന്ന സൂര്യന്റെ കിരണങ്ങൾ, ചെമന്ന നിറമാർന്ന സൂര്യകിരണങ്ങളാൽ സുറുമയെഴുതിയ മലനിരകൾ, പ്രകൃതിയെ ഉണർത്താനെത്തുന്ന സൂര്യൻ ഓരോ പുൽ നാമ്പിലും വന്നു ജ്വനിക്കുന്നതിന്റെ നേർക്കാഴ്ച . കണ്ണിനു പുതുമയും മനസ്സിനു കുളിർമയും.

പുൽച്ചെടികൾ സൂര്യഭഗവാനെനോക്കി അശ്രുകിരണങ്ങൾ പൊഴിക്കുകയാണോ, അതോ മനുഷ്യന്റെ കർക്കശചിന്തയിൽ അവനങ്ങനെ തോന്നുന്നതോ?

കിളികളുടെ ആരവം മധുരസംഗീതമായി മാറ്റൊലി കൊള്ളുന്നു. ഇതൊക്കെ പണ്ട് ,

ഇന്നത്തെ അവസ്ഥ അതല്ല, പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുന്ന മനുഷ്യൻ. മുൻപത്തേതിനേക്കാൾ വിപരീതമായ കാഴ്ചകൾ.

പാടാൻ മറന്ന കിളികൾ, ചിരിക്കാൻ മറന്ന പൂക്കൾ, ഉണരാൻ മടിക്കുന്ന ഭൂമി, ഇവയൊക്കെ ഇവയുടെ കർത്തവ്യങ്ങൾ മറന്നതോ, മറക്കുന്നതോ അതോ മനുഷ്യനെപ്പോലെ സ്വാർത്ഥനാകാൻ തീരുമാനിച്ചതോ? അറിയില്ല അറിയാൻ ആരും ശ്രമിക്കുന്നുമില്ല. ശ്രദ്ധിക്കേണ്ടതിനു നേരെ കണ്ണടക്കുന്നു.

എന്തൊക്കെ മാറിയാലും താൻ
മാറുകയില്ലെന്ന്
ശഠിച്ചു നിൽക്കുന്ന മനുഷ്യനെന്ന ഇരുകാലി മൃഗത്തിനു മുന്നിൽ പ്രകൃതി പോലും തോൽക്കാൻ തീരുമാനിച്ചോ?

ഇങ്ങനെ ധരിച്ച മനുഷ്യന് പ്രത്യുത്തരമാണ് 2018-19 വർഷങ്ങളിൽ വന്നതും 2020 ൽ വരാനിരിക്കുന്നതുമായ വൻപ്രളയം

ഒരു ചോദ്യം: **എന്തിനാണിതൊക്കെ? ഇവയൊക്കെക്കൊണ്ട് എന്തുനേടി?**

St Marys HS Kakkadampoil

# യാത്രാവിവരണം

യാത്രകൾ ജീവിതത്തിന് പുതുമയും അർത്ഥവുംപകരുന്നവയാണ്. സാൻജോയിലേക്കുള്ള ഞങ്ങളുടെ യാത്ര സ്ക്കൂളിൽ 10:30 ഓടെ നിന്നും പുറപ്പെട്ടതാണ്. ബസ്സിലെ യാത്ര സന്തോഷത്തിന്റെ നിമിഷങ്ങളായിരുന്നു. ബസ്സ് സാൻജോ പ്രതീക്ഷ ഭവന്റെ
മുന്നിലെത്തിയപ്പോൾ മനസ്സിലുണ്ടായ ആകാംക്ഷ അവർണ്ണനീയമാണ്. അവിടെയെത്തിയപ്പോൾ അധ്യാപകർ ഞങ്ങൾക്കു സമ്മാനിച്ച സ്വർഗസമാനമായ അനുഭവമാണ് ഈ യാത്രയെന്ന തിരിച്ചറിവുണ്ടായി. ഒരു പക്ഷേ നഗ്നമായ കണ്ണുകൊണ്ട് കാണാൻ സാധിക്കുന്ന സ്വർഗീയകാഴ്ച്ചയാണ് സാൻജോ പ്രതീക്ഷ ഭവൻ. ഭൂമിയിലെ ജീവിച്ചിരിക്കുന്ന വിശുദ്ധർ. തിന്മ എന്തെന്നു പോലുമറിയാത്ത അവർ വിശുദ്ധരാണ്. ഞങ്ങളാകട്ടെ ജീവിച്ചിരിക്കെ വിശുദ്ധരെ കാണാൻ അവസരം ലഭിച്ചവർ. അവരുടെ ലോകം സ്വർഗീയമാണ്.

അഹങ്കാരത്തിന്റെ കൊടുമുടിയിൽ നിൽക്കുന്ന ഇന്നത്തെ സമൂഹം കാണേണ്ട പുണ്യാലയമാണ് സാൻജോ പ്രതീക്ഷ ഭവൻ. സ്വന്തം കഴിവിൽ അഹങ്കരിക്കുന്നവരെ ആഴത്തിൽ ചിന്തിപ്പിക്കുന്ന കാഴ്ച്ച. ദൈവത്തിന്റെ ദാനം മാത്രമാണ് നമ്മുടെ കഴിവുകൾ. അവ ഏതു നിമിഷവും പിൻവലിക്കാൻ അധികാരമുള്ളവനാണവൻ.

അവരോടൊപ്പമുള്ള നിമിഷങ്ങൾ വർണ്ണനാതീതമാണ്. അവരെ ശുശ്രൂഷിക്കുന്നവർ ദൈവസമാനീയരാണ്. വിവിധ കലാപരിപാടികളിലൂടെ അവരുടെ മനസ്സിനൊരു പുതുമ നൽകാനുള്ള ശ്രമം വിജയത്തിലെത്തി. അവരോടൊപ്പമുള്ള ഭക്ഷണം മധുരമൂറുന്നതായിരുന്നു. വ്യത്യസ്തത ഏറെയാണെങ്കിലും അവരും മനുഷ്യരാണ് ദൈവം

തന്നെ സൃഷ്ടിച്ചവർ.ആ അവബോധം ജീവിതത്തിന് നിറപ്പകിട്ടേകുന്നു. മനസ്സിന് ബോധമുള്ളിടത്തോളം മറക്കാനാവാത്ത ഒരനുഭവമാണത്. മറ്റേതു ദിവസത്തേയും പോലെ തീരേണ്ട ഞങ്ങളുടെ നവംബർ അങ്ങനെ മരിച്ചാലും മറക്കാത്ത ഓർമായി. ജീവിതം അർത്ഥപൂർണ്ണമായി അനുഭവപ്പെട്ട നിമിഷങ്ങൾ. നാമേവരേയും പോലെ ഈ ലോകത്തെവിടെയും പാറിനടക്കേണ്ട അവരുടെ ജീവിതം നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിയത് ദൈവത്തിന്റെ ഒരു നിമിഷത്തെ കരവിരുതുകാരണമാണെന്നോർക്കുമ്പോൾ, നാമൊന്നും ഒന്നുമല്ലാതാവുന്നു.4:30 ഓടെ അവസാനിച്ച യാത്ര ജീവിതത്തെ അവിസ്മരണീയമാക്കുന്നു.

(യാത്രാവിവരണം)

- ജോമോൾ ജോസഫ്

St Marys HS Kakkadampoil

# പ്രളയമുന്നറിയിപ്പിന്  ഗൂഗിളും

ലോകത്തുണ്ടാകുന്ന പ്രളയങ്ങളെക്കുറിച്ച്  മുന്നറുയിപ്പ് നൽകാൻ ഗൂഗിൾ സാങ്കേതിക വിദ്യ അവതരിപ്പിക്കുന്നു. എഴുത്തു സന്ദേശങ്ങളായാവും പ്രളയത്തിന്റെ മുന്നരിയിപ്പുകൾ ഗൂഗിൾ നൽകുന്നത്. ഇന്ത്യയിലാണ് ഈ സംവിധാനം ആദ്യമായി ഒരുക്കുന്നത്. തോകത്തു നടക്കുന്ന പ്രളയങ്ങളിൽ നല്ലൊരു പങ്കും ഇന്ത്യയിലാണെന്നതിനാലാണ് ഈ സംവിധാനം ഇവിടെ ഒരുക്കുന്നത്. കേന്ദ്ര ജല കമ്മീഷനുമായി പങ്കുചേർന്നാണ് ഗൂഗിൾ പരീക്ഷണാടിസ്ഥാനത്തിൽ ഈ പ്രവർത്തനം നടത്തുന്നത്. കേരളത്തെ ബാധിച്ച മഹാപ്രളയത്തിനു ശേഷമാണ് ഈ സംവിധാലം ആരംഭിച്ചിരിക്കുന്നത്. ഓരോരുത്തരുടെയും ഫോണിലേക്ക് ഹാറിസ്ക് ,മീഡിയം റിസ്ക് , ലോ റിസ്ക് എന്നിങ്ങനെ മൂന്നു തരം അറിയിപ്പുകളാണ് നൽകുന്നത്. പാറ്റന നഗരങ്ങളാണ് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുന്നത്.

*The creation*

# An appeal to save life on earth

the land air and seas of our planet are home to to the minutest insects and the large animals, which comprise a huge variety of interconnecting and interdependent forces. this is life ,this is biodiversity. Biodiversity found on earth today consists of millions of distinct biological spices, the product of billions of years of evolution.

Biodiversity is the variety of life on earth includes all organisms, species and populations; the genetic variation among these are there complex assembtages of communities and ecosystems.

St Marys HS Kakkadampoil

# *BIODIVERSITY AND HUMAN HEALTH*

Biodiversity is the foundation of human health. Health is one of the most indicators of sustainable development. Though life sustaining goods and services that diversity provides to us.

SEENA DEVASIA

St Marys HS Kakkadampoil

# ഒരിക്കൽക്കൂടി

ഒരിക്കൽക്കൂടി
പകൽപ്പടിയിറങ്ങിപ്പോയ
നാട്ടുവഴിയിലൂടെ
ഒറ്റയ്ക്കു നടക്കണം
ഇളംകാറ്റിന്റെ ആർദ്രസ്പർശത്താൽ
കുളിരണിഞ്ഞ,
കെട്ടിവെച്ച മുടിയിഴകളെ
സ്വതന്ത്രരാക്കി വിടണം.
കുന്നിന്
ചരിവിലേക്കിറങ്ങിവരുന്ന
മേഘക്കൂട്ടങ്ങളോട്
ഏഷണി പറയണം
ഇലപൊഴിച്ച്
വിവസ്ത്രരായ മരങ്ങളിൽ
കാറ്റ്



ലജ്ജയില്ലാതിണചേരുന്നത് കണ്ട്
ഗൂഢമായിച്ചിരിച്ച്,
ചേലത്തുമ്പാൽ മുഖംമറയ്ക്കണം.
ക്രൂടണയാൻ വെമ്പിപ്പറക്കുന്ന
പക്ഷിക്കൂട്ടങ്ങളിൽ
ചില ആകൃതികളെ തിരയണം.
വക്കിടിഞ്ഞ ഓർമ്മപ്പടവുകളിലൂടെ
കാലുതെന്നാതെ
സാവധാനം
ഇറങ്ങണം.
പുലർക്കെണീറ്റ്
അരച്ച മഞ്ഞളും,
മാറ്റുമായി
ഒഴുക്കുനീരിൽ
മുങ്ങിക്കുളിക്കണം.
ഹരിശ്രീകുറിച്ചുതന്നെ
സ്വപ്നങ്ങൾക്ക് അതിർ
ത്തികളില്ലെന്ന്
ചൊല്ലിത്തന്ന
ഗുരുവിന്റെ അസ്ഥിത്തറയിൽ



മിഴിനീരാലുദകക്രിയ ചെയ്യണം.
എന്തിനുമേതിനും
ആദ്യം
ആരെങ്കിലും വന്ന്
ഈ ഇരുട്ടറ തുറന്ന്
എന്റെ കാൽവിലങ്ങുകളെ
ഭേദിച്ചുതരണം

സാൽവിൻ ഫ്രാൻസിസ്

St Marys HS Kakkadampoil

# കാലടിപ്പാടുകൾ



ജീവിതം ചാരുകസേരയിട്ടു
കാവലായി ഉമ്മറത്തിണ്ണ സാക്ഷി...
മങ്ങിയ കണ്ണിന്നകത്തുകാണും,
മങ്ങാത്തൊരുൻമദത്താളമേളം...
മാറാത്ത രോഗത്തടവുമാറ്റും
മോളുവന്നുരവേകി ജാമ്യം
ചാറ്റൽമഴക്കാറ്റുമേറ്റു മോഹം
ചാഞ്ചാടി പാഴിലപോലെ നീങ്ങി....
ഉൽസവക്കാഴ്ചകൾ കണ്ടുക്രുപ്പി
ഉൽസാഹമേറിടും കുഞ്ഞുപോലെ,
സൗഗന്ധികങ്ങൾ വിടർന്നുചുറ്റും,
സൗഭാഗ്യം അമ്മനുകർന്നുണർന്നു...
നേർക്കാഴ്ചയച്ഛനൊരുക്കിയമ്മ,
വാക്കിലയിട്ടു വിളമ്പി സദ്യ,
സന്തോഷസ്വാദവരാസ്വദിച്ചു,
സംതൃപ്തിയായിമകൾക്കുമപ്പോൾ...
“കാലമങ്ങേറെ കടന്നുപോകും
കാലടിപ്പാടുകൾ മാഞ്ഞുപോകും"
കാറ്റൊരുതോന്നലായാഞ്ഞു വീശി,
കാണുമോ മക്കളെൻ കൈപിടിക്കാൻ?
വാർദ്ധക്യം വടിയൂന്നിയെത്തുമെന്നിൽ,

St Marys HS Kakkadampoil

# വർണ്ണപ്പകിട്ടിരുൾകാർന്നതിന്നും;
# എൻമക്കളെന്നെയും കൊണ്ടുപോകും,
# നന്മതന്നാഘോഷം പങ്കുവയ്ക്കും

ബിബിന ബിജു

St Marys HS Kakkadampoil

# കേരളം എന്ന പുണ്യനാട്

ഞങ്ങൾ ജീവിക്കുന്ന ഈ കേരളത്തിൽ നല്ലവരായ ജനങ്ങൾ, പ്രകൃതി, മൃഗങ്ങൾ, പക്ഷികൾ എന്നിവയെല്ലാം ധാരാളമുണ്ട്. കേരമരങ്ങൾ നിറഞ്ഞ നാടാണ് നമ്മുടെ കേരളം. അതുകൊണ്ടാണ് കേരളത്തിന് കേരളമെന്ന പേര് വന്നത്. നമ്മുടെ മാതൃ-ഭാഷ മലയാളമാണ്. മലയാളം നല്ലൊരു സുന്ദരഭാഷയാണ്. അതുകൊണ്ട് ഏതു ഭാഷ പഠിച്ചാലും നമ്മുടെ സുന്ദരഭാഷയായ മലയാളത്തിനെ ഞങ്ങൾ അവഗണിക്കരുത്.

നമ്മുടെ ഈ മനോഹരമായ നാട്ടിൽ ചിലർ നമ്മുടെ പ്രകൃതി നശിപ്പിക്കു-ന്നുണ്ട്. മാലിന്യങ്ങൾ പുഴയിലേക്ക് വലിച്ചെ-റിഞ്ഞുകൊണ്ടും



ഫാക്ടറികളിൽനിന്ന് വരുന്ന മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും മറ്റും കത്തിച്ചുകൊണ്ടുള്ള മാലിന്യങ്ങളും മരങ്ങൾ മുറിച്ചും നമ്മുടെ നാടിനെ ദുരുപയോഗം ചെയ്യുന്നു. മലിനമായ പുക ശ്വസിക്കുന്നതു കൊണ്ട് നമ്മുക്ക് മാരകമായ രോഗത്തിനു നമ്മൾ അടിമയാകുന്നു. മരങ്ങൾ മുറിക്കുന്നതുമൂലവും ഭൂമിയെ കൃഷിക്കനുയോജ്യമല്ലാതാക്കുന്നതു മൂലവും പ്രകൃതി ദുരന്തം വരുന്നു.

2018 ഓഗസ്റ്റിൽ നമ്മുടെ കേരളം ഒരു ഭീതിയിൽ ആഴ്ന്നുപോയി. വെള്ളപ്പൊക്കവും മണ്ണൊലിപ്പും കാരണം ഒരുപാട് ജനങ്ങളുടെ ജീവൻ പൊലിഞ്ഞു പോയി. അതിനുകാരണം ശക്തിയേറിയ മഴയാണ്.



എന്നാൽ നമ്മുടെ നല്ലവരായ നാട്ടുകാർ സ്വന്തം ശരീരം നോക്കാതെ രക്ഷാപ്രവർത്തനം ആരംഭിച്ചതോടുകൂടി ഒരുപാട്

ആളുകളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ നമ്മുടെ ഭരണകൂടവും നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടും ധാരാളം സംഘടനകളും മറ്റും അതിന് പ്രവർത്തിച്ചതുകൊണ്ടും ഒരുപാട് അപകടങ്ങൾ മറികടക്കാൻ കഴിഞ്ഞു.

മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ കേരളത്തിലെ ജനങ്ങൾ ജാതിമത ഭേദമന്യേ പ്രവർത്തിച്ചുകൊണ്ട് കേരളത്തെ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞു. പൂർണ്ണമായും കഴിഞ്ഞില്ലെങ്കിലും അതിൽ എത്തിക്കുവാൻ ഭരണകൂടം തീരുമാനിച്ചു.

കേരളമെന്നത് പ്രകൃതിരമണീയമായ ഒരു നാടാണ്. ജീവിക്കാൻ എളുപ്പമുള്ള ഒരു നാടാണ്. ടൂറിസ്റ്റുകളുടെ കേന്ദ്രമാണ് കേരളം. അതുകൊണ്ടുതന്നെ



St Marys HS Kakkadampoil

# നമ്മുടെ കേരളത്തിന് 'ദൈവത്തിന്റെ നാട്' എന്നുകൂടി പേരുണ്ട്.

## സാൽവിൻ ഫ്രാൻസിസ്

## ക്ഷണഭംഗരങ്ങൾ



പുലരി,ആ
അങ്കണത്തിണ്ണയിൽ
വന്നിരുന്ന-

രചനെപ്പോലണ്ണുവാഴുന്നേരം
പുലരിതൻ ചുടുചുംബനത്തിൻ മധുവൊന്നു
നുകരുവാൻ കൊതിച്ചിരിക്കേ
കവിളിൽ നിറഞ്ഞൊരു പുഞ്ചിരിയെന്തിന്
നിറമെഴും പൂവേ ഒളിച്ചുവച്ചു?
മഴവില്ലിൻ വർണ്ണം കൊതിച്ചിരുന്നിട്ടോ,
അതോ, ഇളംകാറ്റിൻ മുത്തം നുകരാഞ്ഞിട്ടോ?
ആദിത്യനുണരുന്ന നേരത്തിൽ കളിയാടി
മന്ദമായ് വന്നു നീയെന്നിണയായ്
തെന്നിച്ചിതറും മഴത്തുള്ളിയെന്തിന്നു
മൗനമായ് നിന്നിലലിഞ്ഞുചേർന്നു
പെയ്തിട്ടുമെന്തിന്നുതീരാത്ത കണ്ണീരാൽ
മേഘവിതാനികൾ പൂത്തുലഞ്ഞു
മധുമണി വിതറുമ്പോലൊഴുകുന്ന പുഴയുടെ
രാഗത്തിൽ രചിതമാം കവിതപോലെ
അഴകെഴും അർപ്പണശ്രുതികളാൽ താളമായ്

St Marys HS Kakkadampoil

**വേറെന്തുലകിൽ അനശ്വരമായ്**
**സപ്തനിറങ്ങളിൽ ആകാശവീചിയിൽ**
**പട്ടിൻമെത്ത വിരിഞ്ഞപോലെ**
**ആരെയും ഉന്മേഷഹാരിയായി മാറ്റുന്ന**
**കാഴ്ചയതേതുണ്ടീ ഉലകിൽ?**
**ഇതിലേതിനിയെന്നുമനശ്വരമായിട്ടും**
**നശ്വരമല്ലയോ**
**ഏതൊന്നിനും**
**മണ്ണിനും വിണ്ണിനും**
**സൂര്യനും ചന്ദ്രനും**
**അനശ്വരമാകുവാൻ**
**വരങ്ങളുണ്ടോ?**





St Marys HS Kakkadampoil

## നല്ല മനുഷ്യൻ



നല്ല മനുഷ്യൻ ശ്രദ്ധിക്കേണ്ട
ഒൻപതു കാര്യ-ങ്ങളുണ്ട്.



നോക്കുമ്പോൾ സൂക്ഷ്മനിരീക്ഷണം
വേണം. കേൾക്കുമ്പോൾ ശ്രദ്ധിച്ചു
കേൾക്കണം.



മുഖഭാവം സൗമ്യവും
മനോഭാവം വിനയമുള്ള-
തുമായിരിക്കണം.
വർത്തമാനം ആത്മാർത്ഥമായി വേണം.
പ്രവൃത്തികൾ ആദരവോടെ ആയിരിക്കണം.



സംശയ-മുള്ളപ്പോൾ
അന്വേഷിക്കണം. കോപം
വരുമ്പോൾ പ്രയാസങ്ങളെക്കുറിച്ചു
ചിന്തിക്കണം. നേട്ടം വരുമ്പോൾ
നീതിയെ
കുറിച്ചും.

# സ്വഭാവത്തിന്റെ ശക്തി



ഓരോ ശീലവും പ്രവർത്തനശേഷം സംരക്ഷിക്കപ്പെടുന്നതും വളരുന്നതും തുടർ-ന്ന് അതുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തികളിലൂടെയാണ്. നടക്കുക എന്നശീലം നമ്മെ നല്ല നടത്താകാരാക്കുന്നു. പതിവായി ഓടുന്നത് നമ്മെ നല്ല



ഓട്ടക്കാരാക്കുന്നു. ആത്മാവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. നിങ്ങൾ കോപിക്കുമ്പോൾ നിങ്ങളുടെ കോപം കൂടുതൽ വർധിക്കുന്നു. നിങ്ങളൊരു ശീലം വർധിപ്പിച്ചിരിക്കുകയാണ്. തീയിലേക്ക് എണ്ണ ഒഴിച്ചിരിക്കുകയാണ്.

കോപിക്കുന്ന സ്വഭാവം നിങ്ങൾക്കുവേണ്ട എന്നുണ്ടെങ്കിൽ ആ ശീലം വളർത്താതിരിക്കുക. അതു വർധിപ്പിക്കുന്നതിനു സഹായകമായ യാതൊന്നും ചെയ്യാതിരിക്കുക. ആദ്യം മിണ്ടാതിരിക്കുക. ഒടുവിൽ വിവേകപൂർണമായ പ്രതികരണങ്ങൾ ഈ ശീലത്തെ കീഴടക്കും.



# ജീവിതം വരയ്ക്കുമ്പോൾ




വെള്ളക്കടലാസിലാണ്
ജീവിതം വരയ്ക്കേണ്ടത്
സമാന്തരങ്ങളായ
വരകളിൽ
എങ്ങും തൊടാതെ
പോകരുത്....
നാലുവശവും അതിരിടണം
അകത്തുകയറി
മാർക്കിടാതെ
അതിനരികെ
ഇട്ടുകൊള്ളണം നിങ്ങൾ...



തിളങ്ങുന്ന നിറത്താൽ
സ്നേഹം വരയ്ക്കണം
എത്രവരച്ചാലും
സ്ഥലം ബാക്കി
കാണണം.
പെൻസിൽ കൊണ്ടുവേണം
പരിഭവങ്ങളെ വരയ്ക്കാൻ

St Marys HS Kakkadampoil

വേഗം മായ്ച്ചുകളയണമത്
സങ്കടങ്ങളെ
ഒരു മൂലയിൽ
ഒതുക്കി വരയ്ക്കണം
ഒറ്റനോട്ടത്തിൽ
ആരും കാണരുത്
പനനീർച്ചെടി വരയ്ക്കണം
നടുവിൽ
മുൾത്തലപ്പിൽ പൂക്കളും...
മറ്റാരും എത്തിപ്പിടിക്കരുത്
വെറുതെ പോലും ചായ്ച്ച് മണക്കരുത്
ചുവന്ന മഷി
ശ്രദ്ധിച്ചുപയോഗിക്കണം
മായ്ച്ചാലും
പാടവശേഷിപ്പിക്കും
ചെന്തുള്ളികൾ
ഒരിടത്തുതന്നെ
വീണ്ടും വീണ്ടും വരച്ച്
കടലാസ് ഓട്ടയാക്കരുത്.
കുത്തിവരയിലും





St Marys HS Kakkadampoil

മിഴിവുള്ള ചിത്രങ്ങൾ
വായിച്ചെടുക്കാനാവണം.
ഒരിടത്തും
നിറങ്ങൾ പടരരുത്
വേർതിരിച്ചെടുക്കാൻ
പ്രയാസമാവും.
ഉയരത്തിൽ
ഫ്രെയിംചെയ്തു വയ്ക്കണം
ആർക്കും
ചുരുട്ടിക്കൂട്ടാൻ കഴിയരുത്.
ഇഷ്ടമുള്ളവർ
നോക്കിവരച്ചോട്ടെ.
പക്ഷേ,
ലേലത്തിൽ പോവരുത്...!



St Marys HS Kakkadampoil

# മാന്ത്രിക ഭണ്ഡ്



രാമുവും സോമുവും ചങ്ങാതിമാരായിരുന്നു. രാമു ഒരു പാവവും കഠിനാധ്വാനിയും ആയിരുന്നു. സോമു അഹങ്കാരിയും ഒപ്പം കുഴിമടിയനുമായിരുന്നു.

അച്ഛനെ കൃഷിപ്പണിയിൽ ഉൽസാഹത്തോടെ രാമു സഹായിക്കുന്നത് കാണുമ്പോൾ സോമു പുച്ഛത്തോടെ പറയും "എന്തൊരു കഷ്ടമാണ് നിന്റെ കാര്യം എന്നും ജോലി തന്നെ. ചെയ്യുന്ന ജോലിക്ക് കൂലിയുമില്ല." പക്ഷേ രാമു അതൊന്നും ചെവികൊള്ളാറില്ല. അങ്ങനെയിരിക്കെ ഒരുനാൾ രാമു തന്റെ ജോലിയൊക്കെ തീർത്ത് മരച്ചോട്ടിൽ വിശ്രമിക്കുകയായിരു-

ന്നു. അപ്പോൾ ഒരു വൃദ്ധൻ വിറകുകെട്ടുമായി വരുന്നത് രാമു കണ്ടു.



അയാൾ അവശനാ-യിരുന്നു. രാമുവിന് പാവം തോന്നി. "മുത്തശ്ശാ ഞാനീ വിറകുകെട്ട് വീട്ടിലെത്തിച്ചുതരാം. മുന്നിൽ നടന്നോളൂ" എന്നും പറഞ്ഞവൻ വിറകുകെട്ട് ചുമന്ന് വൃദ്ധന്റെ പിന്നാലെ നടന്നു. ഒരു കുന്നിൻമുകളിലായിരുന്നു വൃദ്ധ-ന്റെ വീട്. വിറകുകെട്ടും ഏൽപ്പിച്ചു രാമു തിരികെ മടങ്ങാനൊരുങ്ങി. അപ്പോൾ വൃദ്ധൻ പറഞ്ഞു. "നില്ക്കു നിനക്കു ഞാനൊരു സമ്മാനം തരാം." അയാൾ




വീട്ടിനകത്തുപോയി ഒരു ദണ്ഡ് എടുത്ത് രാമുവിന് നൽകിയിട്ടു പറഞ്ഞു. "നിനക്കിതു ഉപകരിക്കും. നിന്റെ ഏതാഗ്രഹവും ദണ്ഡിനോടു പറഞ്ഞാൽ മതി." രാമു വൃദ്ധനോട് നന്ദി പറഞ്ഞ് തിരികെയെത്തി. അവൻ ആ മാന്ത്രികദണ്ഡ് ഉപയോഗിച്ച്

പാവങ്ങളെ സഹായിച്ചു. നാട്ടുകാർക്കെല്ലാം രാമു പ്രിയപ്പെട്ടവനായി മാറി.

രാമുവിന്റെ വളർച്ചയിൽ സോമുവിന് അസൂയ തോന്നി. അവൻ സൂത്രത്തിൽ കാര്യങ്ങൾ രാമുവിൽനിന്നും മനസ്സിലാക്കി. ഉടൻ വൃദ്ധന്റെ വീട്ടിൽച്ചെന്ന് ഉറക്കെ കരയാൻ തുടങ്ങി. വൃദ്ധൻ പുറത്തിറങ്ങിവന്ന് അവനോട് കാര്യം തിരക്കി. “നിങ്ങൾ രാമുവിന് ഒരു ദണ്ഡ് സമ്മാനമായി നൽകിയല്ലോ. എനിക്കും എന്തെങ്കിലും തരണം.”

വൃദ്ധന് സംസാരത്തിൽ നിന്നും സോമുവിന്റെ തനിസ്വഭാവം മനസ്സി-ലായി. അയാൾ അകത്തുചെന്നു ഒരു ◌െ വിത്തെടുത്ത് സോമുവിന് നൽകിയിട്ടു പറഞ്ഞു. “ഇതാ, ഈ വിത്തുകൊണ്ടുപോയി നിന്റെ വീട്ടിൽ നടുക”. സോമു അതുപോലെ ചെയ്തു. പിറ്റേദിവസം അതൊരു വൻവൃക്ഷമായി വളർന്നതുകണ്ട് സോമു അത്ഭുതപ്പെട്ടു.



**പെട്ടെന്ന് മരക്കൊമ്പുകൾ സോമുവിനെ ചുറ്റിവരിഞ്ഞു. ആ മരം അവനെ പിടിച്ച് ഒറ്റ വിഴുങ്ങൽ.**

**സോമുവിനെ പിന്നീടാരും കണ്ടില്ല.**

# വികൃതി മാറി

ഒരിടത്ത് രണ്ട് മഹാവികൃതികളായ
പൂച്ചക്കുട്ടികൾ ഉണ്ടായിരുന്നു. ഒരാൾ കിച്ചു
മറ്റേയാൾ പാച്ചു.



ഒരു ദിവസം രണ്ടുപേരും
നാട്ടുചുറ്റാനിറങ്ങി. നടന്നുനടന്നു
മടുത്തപ്പോൾ കിച്ചു പറഞ്ഞു. “നമുക്കിനി
വല്ലതും കഴിച്ചശേഷം
നാട്ടുചുറ്റാനിറങ്ങാം.”“ശരി അങ്ങനെതന്നെ”.
പാച്ചു സമ്മതിച്ചു.

കുറച്ചുദൂരം ചെന്നപ്പോൾ ഒരു പെൺകുട്ടി
ബാക്കിയായ ചോറ് കളയുന്നത് അവരുടെ
കണ്ണിൽപ്പെട്ടു. “വാ,
നമുക്കത് തിന്നാമോ എന്നു
നോക്കാം. ” പാച്ചു പറഞ്ഞു.
രണ്ടു പേരും കൂടി




poil

**ആർത്തിയോടെ ഭക്ഷണം കഴിച്ചു. വിശപ്പു മാറിയപ്പോൾ രണ്ടുപേരും കൂടി തൊട്ടടുത്തുള്ള മരച്ചുവട്ടിലേക്ക് ഓടി. അവിടെ കിടക്കുന്ന ബലൂൺ എടുത്ത് കിച്ചു വേഗത്തിൽ ഓടി. പാച്ചു പിറകെ ഓടി. കടിച്ചുപിടിച്ചിരുന്ന ബലൂണിനു വേണ്ടി രണ്ടു പേരും പിടിവലിയായി. പെട്ടെന്ന് വലിയൊരു ശബ്ദത്തോടെ ബലൂൺ പൊട്ടി. രണ്ടുപേരും പേടിച്ചുപോയി. അതോടെ അവരുടെ വികൃതി മാറി.**

# വിപ്ലവകാരികൾ

## ജുഗപതികുമാർ

1942-ലെ ക്വിറ്റിന്ത്യാ സമരക്കാലത്ത് എല്ലാവരുടെയും കണ്ണ് പാറ്റ്നയിൽ തിരിച്ചിരുന്നു. സമരകാഹളം മുഴങ്ങിയതോടെ നാലുഭാഗത്തുനിന്നും ഗ്രാമീണർ പാറ്റനയിലേക്ക് ഇടിച്ചുകയറി. ഡോ. രാജേന്ദ്രപ്രസാദിന്റെ ബന്ധനത്തോടെ അവരിൽ രോഷം ആളിക്കത്തി. ബീഹാർ നാഷണൽ കോളേജിലെ വിദ്യാർത്ഥികൾ കോളേജ് വിട്ടിറങ്ങി. പാറ്റ്ന സർവകലാശാലയുടെ മുൻപിൽ ഒരു യോഗം നടന്നു. യോഗം ജാഥയായി നീങ്ങി. ജാഥയിലുടനീളം സർക്കാരിനെതിരെ മുദ്രാ-വാക്യങ്ങൾ മുഴങ്ങി. ബാങ്കിപ്പൂർ ജയിലിനു മുമ്പിലൂടെയാണ് ജാഥ നീങ്ങിയത്.

ജാഥാംഗങ്ങൾ പാറ്റ്ന മെഡിക്കൽ
കോളേജിന്റെ കൊടിമരത്തിൽ
ത്രിവർണ്ണപതാക ഉയർത്തി. പാറ്റ്ന സിറ്റി
കച്ചേരിയിലും അന്നേ ദിവസം ദേശീയ
പതാക ഉയർന്നു.

ബ്രിട്ടീഷ് സർക്കാർ
പാറ്റ്ന നഗരത്തിൽ ഗൂർഖപ്പട്ടാളത്തെ
ഒരുക്കി നിർത്തിയിരുന്നു. മറ്റ് ഇന്ത്യൻ
പട്ടാളങ്ങളിൽ ബ്രിട്ടീഷുകാർക്ക് വിശ്വാസം കുറ
ഞ്ഞിരുന്നു. ജാഥ സെക്രട്ടറിയേറ്റിലേക്ക്
പ്രവേശിക്കാതിരിക്കാൻ ഗൂർഖപ്പട്ടാളം
ശ്രദ്ധിച്ചു. ആവേശം അലതല്ലിയ
ആയിരക്കണക്കിനാളുകളെ തടയാൻ
അവർക്കുകഴിഞ്ഞില്ല. മുമ്പോട്ടു
കടന്നുവന്നവരെ അറസ്റ്റു
ചെയ്തുകൊണ്ടിരുന്നു. എന്നാൽ
ഇതുകൊണ്ടൊന്നും ആളുകളുടെ

തള്ളിക്കയറ്റത്തിനു കുറവുണ്ടായില്ല. ഉച്ചയ്ക്കു 12 മണിയോടെയാണ് ജനക്കൂട്ടം സെക്രട്ടറിയേ-റ്റു വളഞ്ഞത്. രണ്ടുമണിയോടുകൂടി സെക്രട്ടറി യേറ്റിൽ ത്രിവർണ്ണ പതാക പറത്തുന്നതിൽ അവർ വിജയിച്ചു.

ഗൂർഖാസൈനികർ പതാക എടുത്തുമാറ്റി. അതിന്നിടയിൽ യുവാക്കളുടെ ഒരു സംഘം ഗൂർഖപ്പട്ടാളത്തെ വെല്ലുവിളിച്ചു കൊണ്ട് സെക്രട്ടറിയേറ്റിൽ തള്ളിക്കയറി. ഉടൻ വെടിവെപ്പിനുള്ള ആജ്ഞയുണ്ടായി. 10-15 റൗണ്ട് വെടിവെച്ചു. ഉമാകാന്ത് എന്ന യുവാവ് ത്രിവർണ്ണപതാകയുമായി ഏറ്റവും മുൻപിലുണ്ടായിരുന്നു. ആദ്യ വെടിയേറ്റത് അവന്റെ മാറിലായിരുന്നു. അവൻ നിലംപതിച്ചു.

ഉമാകാന്ത് വെടിയേറ്റുവീഴു-
മ്പോൾ പതാക ഏറ്റുപിടിക്കാൻ ജഗപതി
കുമാർ മുമ്പോട്ടു വന്നു. ജനക്കൂട്ടത്തെ അവൻ
പതാകയുമേന്തി മുമ്പോട്ടു നയിച്ചു. പട്ടാളം
അവരെ തടഞ്ഞു. സ്വാതന്ത്ര്യത്തിന്റെ മത്തു
പിടിച്ച ചെറുപ്പക്കാരെ തടയുന്നതിൽ പട്ടാളം
പരാജയപ്പെട്ടു. മജിസ്ട്രറ്റ് ഡബ്ല്യു. ജി.
ആർച്ചർ ഏതാനും പട്ടാളക്കാരുമായി
സെക്രട്ടറിയേറ്റിന്റെ കവാടത്തിൽ നിൽ
പ്പുറപ്പിച്ചിരുന്നു. അദ്ദേഹം പ്രകടനക്കാരെ
മുമ്പോട്ടുകടത്തിവിടാൻ ആജ്ഞാപിച്ചു.
പിന്നിൽ പട്ടാളം നിലയുറപ്പിച്ചു.
ജനക്കൂട്ടത്തിനു മുമ്പോട്ടോ പിമ്പോട്ടോ
നീങ്ങാൻ പറ്റാത്ത അവസ്ഥയായി.

ജഗപതികുമാർ ആൾക്കൂട്ടത്തിന്റെ
ഏറ്റവും മുമ്പിൽ ത്രിവർണ്ണപതാകയുമായി
ജീവൻ തൃണവൽഗണിച്ചുകൊണ്ട് മുമ്പോട്ടു

നീങ്ങി. വന്ദേമാതരം കൊണ്ട് ആകാശം മുഴങ്ങി. ജഗപതികുമാറിനു നേരെ വെടിയുതിർന്നു. പതാകയുമായി മുമ്പോട്ടു നീങ്ങുവാൻ മറ്റൊരാൾ തയ്യാർ. അവനും വെടിയേറ്റുവീണപ്പോൾ മറ്റൊരാൾ. അങ്ങനെ പതിനൊന്നു പേർ വെടിയേറ്റു പിടഞ്ഞുവീണു. അവരിലേഴുപേർ അവിടെ തന്നെ രക്തസാക്ഷിയായി. അവരിലേറ്റവും പ്രായം കുറഞ്ഞ ആളായിരുന്നു ജഗപതികുമാർ. പതിനേഴാം വയസ്സിലാണ് ജഗപതികുമാർ രക്തസാക്ഷിത്വം വരിച്ചത്.

# ത്രിലോക സിംഹ് പാങ്കതി

ത്രിലോക സിംഹ് മിഡിൽ പരീക്ഷ പാസ്സായി കഴിഞ്ഞാണ് സ്വാതന്ത്ര്യ-സമരത്തിൽ പങ്കെടുക്കുന്നത്. ഗ്രാമീണ ജനങ്ങളെ സംഘടിപ്പിച്ച് ജനജാഗരണ-ത്തിലൂടെയാണ് രംഗപ്രവേശനം. പിന്നീട് ചുനൗദയിലെ ഗാന്ധി ആശ്രമത്തിൽ പ്രവർത്തകനായി നിയോഗിക്കപ്പെട്ടു.

1942 ക്വിറ്റിന്ത്യാസമരത്തിന്റെ ആരംഭത്തിൽ ആശ്രമത്തിൽ ത്രിവർണ്ണ പതാക ഉയർത്തിയത് ത്രിലോക സിംഹ് ആയിരുന്നു. പതാക ഉയർന്നപ്പോൾ "ഭാരത് മാതാ കീ ജയ്" കൊണ്ട് ചുറ്റുപാടും മുഖരിതമായി. ആശ്രമത്തിൽ നിന്ന് അകലെയല്ലാതെ വെള്ളക്കാരായ പട്ടാളത്തിന്റെ ഒരു ക്യാമ്പുണ്ടായിരുന്നു.

ആശ്രമത്തിൽ നിന്നുള്ള ജയ് വിളി അവരെ പ്രകോപിപ്പിച്ചു. അവർ ആശ്രമത്തിൽ പ്രവേശിച്ചു. അപ്പോഴേക്കും പതാക ഉയർത്തിയവൻ സ്ഥലം വിട്ടു കഴിഞ്ഞിരുന്നു. ത്രിലോക സിംഹന്റെ കൂടെ ഏതാനും ആളുകൾ മാത്രമേ അവിടെ ശേഷിച്ചിരുന്നുള്ളു.

സൈന്യത്തിന്റെ കമാണ്ടർ ചോദിച്ചു-

“ആരാണീ പതാക ഉയർത്തിയത്?”

“ഞാനാണ്.” ത്രിലോകസിംഹ് കൂസലില്ലാതെ പറഞ്ഞു.

“ആ പതാക താഴെയിറക്ക്.” കമാണ്ടറുടെ കൽപ്പന.

“പതാക ഇറക്കാൻ പറ്റില്ല.” ത്രിലോക സിംഹിന്റെ നിർഭയമായ മറുപടി.

സൈനികരോട് അടിക്കാൻ ആജ്ഞാപിച്ചു. ത്രിലോക് സിംഹ്

ബോധംകെട്ട്  വീഴുന്നത് വരെ അടി തുടർന്നു. ബോധമറ്റ സ്ഥിതിയിലാണ് അറസ്റ്റ് ചെയ്തു സ്റ്റേഷനിലെത്തിച്ചത്.

ത്രിലോക് സിംഹിന് ഗുരുതരമായി പരിക്കേറ്റിരുന്നു. സ്ഥിതി വഷളാകുന്നത് കണ്ടപ്പോൾ ആശുപത്രി-യിൽ പ്രവേശിപ്പിച്ചു. എന്നാൽ മാറ്റമൊന്നുമുണ്ടായില്ല. 1942 ഡിസംബർ 26-ാം തിയ്യതി എന്നന്നേക്കുമായി കണ്ണടച്ചു.



# എന്റെ പ്രാവ്

**വിടരും മൊട്ടിനോടൊപ്പമുണർന്ന**

ഉള്ളിലുണരും കുളിരിൻ തഴുകലേ
വിടതരുമിരുളിൻകൂട്ടുകൂടി
കാറ്റിലിളകും തളിരിൻ പാട്ടുകേട്ട്
പുൽനാമ്പിൽ മയങ്ങും തുഷാരമിഴിയിൽ
മുഖം നോക്കിമുടികോതിമിനുക്കി
കിഴക്കുണരും ഭവാന്റെ കോവിലിൽ
ആദ്യദർശനപുണ്യം തേടി
അണയുമാപ്രാവിൻ എകനാമിണയാണുഞാൻ
നേർച്ചയായ് മന്ത്രമായ് കാണിക്കയായ്
നൽകുവാനെന്നുള്ളിൽ കുറുകുമാ-
പക്ഷിതൻ തേങ്ങൽ മാത്രം



മോഹക്കുടിലിനിറയത്തിരുന്നി

St Marys HS Kakkadampoil

KUDOS 2

മാനം മുട്ടുന്ന കോട്ടകൾ കെട്ടി
തിങ്കളും താരഗണങ്ങളുമൊത്തെന്നും
കളിയും ചിരിയുമായി ഞങ്ങൾ
ഇടിവെട്ടും മിന്നലും ചുറ്റും നിറഞ്ഞിട്ടും
കരിവർണ്ണമേഘത്തിൻ താണ്ഡവം കണ്ടും
തകരാതുലയാതാകോട്ടക്കുള്ളിൽ
കണ്ണെത്ത്,ദൂരത്ത് മേഘങ്ങൾ

## പ്രാർത്ഥന

കാരുണ്യ കോലുന്ന സ്നേഹസ്വരൂപാ,നിൻ-
കാലിണ കൈവണങ്ങുന്നു ഞങ്ങൾ.
വായുവും വെള്ളവും മണ്ണുമാകാശവും
തീയും
ഹാ,നിന്റെയനുഗ്രഹങ്ങൾ!
പ്രാണനും ബുദ്ധിയും ദേഹവും
ശക്തിയും
പ്രാണനും നിന്റെയല്ലോ.
എന്തിനും മീതെമുഴങ്ങട്ടെ
ദൈവമേ,
നിൻ തിരുനാമവും കാരുണ്യവും!





St Marys HS Kakkadampoil

നല്ലതെ തോന്നാവൂ ,നല്ലതെ ചെയ്യാവൂ,
നല്ലതെ ചൊല്ലാവൂ,നിൻ ദയയാൽ,
എന്നുമതിന്നുള്ള ശുദ്ധിയും ശക്തിയും
തന്നരുളണമേ തമ്പുരാനേ!
കാരുണ്യം കോലുന്ന സ്നേഹസ്വരൂപാ,നിൻ-
കാലിണ കൈവണങ്ങുന്നു ഞങ്ങൾ

St Marys HS Kakkadampoil

# ഓർമയിൽ ഒരു ജ്വാല

ഇനിയുമുണ്ടങ്ങോ ഒരിറ്റു പ്രതീഷതൻ
ജ്വലകങ്ങളെങ്ങോ മറഞ്ഞിരിപ്പൂ
ഓർമ്മയിൽ ദുഃഖത്തിൻ പേമാരി
ചൊരിയുമ്പോൾ
ആശയാം ജ്വാല പ്രതിജ്വലിപ്പൂ
വാടിക്കരഞ്ഞത്തൻ സ്വപ്നങ്ങളെല്ലാം
പൂക്കാൻ തുടങ്ങുന്നൊരാഹ്ളാദമായി
എന്തിനു വേണ്ടിയെൻ
വിരഹസ്വപ്ന്ങ്ങൾ
വീണ്ടമെൻ മനതാരിൽ
പൂവിടുന്നു.
മാമ്പഴപ്പൂപോലെ
പാതിവിരിഞ്ഞിട്ട്
നിലാവിൻ ചൂടേറ്റടർന്നു വീഴാനോ
എന്തിനു മോഹങ്ങൾ എന്തിനു സ്വപ്നങ്ങൾ
വിരഹമായ് തീരുവാൻ വഴികളോടെ.



എം.എം വാസുദേവൻ പിള്ള
(നോവൽ ഒറ്റനോട്ടത്തിൽ)
തലസ്ഥാനത്ത് നിന്നും മുപ്പതുനാഴിക അകലെയുഴള്ള വെള്ളപ്പാറ ഗ്രാമത്തിൽ നടന്ന സാമൂഹികശക്തികളുടെ പോരാട്ടം പശ്ചാത്തലമാക്കിയ നോവൽ.
വ്യത്യസ്തമായ പ്രമേയവും പാരായണ ക്ഷമതയും നോവലിന്റെ ചാരുത വർദ്ധിപ്പിക്കുന്നു
എൻ.ഇ ബാലറാമിന്റെ പഠനം.



.ബ്രാസ് പഗോഡ എന്നറിയപ്പെടുന്ന
കേരളത്തിലെ ക്ഷേത്രം?

തിരുവങ്ങാട് ശ്രീരാമക്ഷേത്രം

.ഫോട്ടോ ഇലക്ട്രക്ക് പ്രഭാവം
കണ്ടെത്തിയ ശാസ്ത്രജ്ഞൻ
ആരാണ്?

ഹെൻറിച്ച് ഹെർട്സ്

.ശബ്ദത്തിന്റെ തിവ്രത
അളക്കാനുള്ള ഉപകരണം?

ഓസിലോസ്കപ്പ്

.കേരളത്തിലെ ആദ്യ പുകയില
വിരുദ്ധ ജില്ല?

കോട്ടയം

.ഏറ്റവും കാഠിന്യമുള്ള
ലോഹമേതാണ്?

ക്രോമിയം

.രോഗങ്ങളിലെ രാജാവേത്?

ക്ഷയം

.റാണിയാർ എന്നറിയപ്പെടുന്ന കേരളത്തിലെ നദി?

പമ്പ

.കേരളത്തിലെ ആദ്യ ജൈവഗ്രാമം?

ഉടുമ്പന്നൂർ

.നൈട്രജൻ വാതകത്തിന്റെ നിറമെന്താണ്?

ചുവപ്പ്

KUDOS 2

എന്റെ




ഗ്രാമത്തിലൂടെ

മാമരങ്ങൾ നിറഞ്ഞ 'കാട് 'എന്ന അർത്ഥത്തിലായിരിക്കാം'കക്കാട് 'എന്ന പേര് രൂപപ്പെട്ടത്..'പൊയിൽ' എന്നും അർത്ഥവുമുണ്ട്.



ഈ രണ്ട് പ്രതിഭാസങ്ങളാൽ അനുഗ്രഹിതമായ ഈ നാട് 'കക്കാടംപൊയിൽ'എന്നറിയപ്പെടാൻ തുടങ്ങിയെന്ന് ഒരഭിപ്രായം.പശ്ചിമഘ്യ





S Kakkadampoil

ട്ട പർവ്വതങ്ങളോടു ചേർന്ന് കക്കാ
കമിഴ്ത്തി വെച്ചതു പോലെയുള്ള
കുന്നുകളും വരൾച്ച ബാധിക്കാത്ത
ചതുപ്പുകളും ഇവിടെ ധാരാളമായി
ഉള്ളതു കൊണ്ട് ഈ പ്രദേശം
'കക്കാടംപൊയിൽ'എന്ന്
നാമകരണം ചെയ്യപ്പെട്ടതെന്നും
ഒരഭിപ്രായം.സമുദ്രനിപ്പിൽ നിന്നും
2000 അടി  ഉയരത്തിൽ നിലമ്പൂർ
കാടുകളോടും വയനാടൻ
കുന്നുകളോടും ചേർന്നുകിടക്കുന്ന ഈ
പ്രദേശം വെള



ചതുപ്പുകളാലു
പ്രക്രിതിരമണ
ദൈവത്തിന ഒരു
ഗ്രാമമാണ്.ഈ
കോഴിക്കോട്-മലപ്പുറം ജില്ലകളിലും
കോഴിക്കോട്-നിലമ്പൂർ



താലൂക്കുകളിലും കൂടരഞ്ഞി
ചാലിയാർ ഊർങ്ങാട്ടിരി പ
ഞ്ചായത്തുകളിലും വ്യാപിച്ചു
കിടക്കുന്നു.മഴക്കാലത്തു
നിറഞ്ഞുനിൽക്കുന്ന
കോടമഞ്ഞ്.അതിനാൽ
കക്കാടംപൊയിൽ 'മലമ്പാറിന്റെ
ഊട്ടി
'എന്നറിയപ്പെടുന്നു.ചിന്നിചിതറി
ആർലത്ത് ചിരിച്ച് പാമ്പിഴകൾ
പോലെ ഒഴുകുന്ന നദികൾ.ചുരം
പോലെയുള്ള വഴികൾ അതിന്
ദംഗി കൂട്ടുന്ന ചെറുവനങ്ങൾ
.പഴശ്ശിയുടെ ചരിത്രഗുഹ.മഞ്ഞിൽ
കുളിച്ചിരിക്കുന്ന മരങ്ങൾ .മഞ്ഞിൻ
നിറമേകുന്ന
പുഷ്പങ്ങൾ.കാട്ടുവഴിയിലും
ദേശത്തിന്റെ അദിമാനം

St Marys HS Kakkadampoil

ഉയർത്തിപ്പിടിക്കുന്ന
കുട്ടക്കാർ.കളിചിരികളുടെ കൊട്ടാരം
'മലബാറിന്റെ ഊട്ടി.ഈ
കാലഘട്ടങ്ങളിലെല്ലാം ഇവിടെയു
ണ്ടായിരുന്നവർ ക്രൂടരഞ്ഞി
ദേവാലയത്തെയാണ്
ആശ്രയിച്ചിരുന്നത്.1993 മെയ്യ്
മാസത്തിൽ ഇടവകവികാരിയായി
ഫാ.തോമസ് വട്ടോട്ടുതറപ്പേൽ
അച്ചൻ ചുമതലയേറ്റു.കർമോൽ
സുകമായ പ്രവർത്തനത്താലും
ദൈവാനുഗ്രഹം കൊണ്ടും
അച്ചന്റെയും ജനങ്ങളുടെയും കൂട്ടായ
പരിശ്രമത്താലും 1997-ൽ ഒരു
ദേവാലയം
നിർമ്മിച്ചു.



കൂടരഞ്ഞി വില്ലേജിൽ കക്കാടംപൊയിൽ സെന്റ് മേരീസ് പള്ളിവക സ്ഥലത്ത് ഇടവക ജനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി 1979 ജൂൺ 27 ന് കക്കാടംപൊയിലിൽ ഒരു യു. പി സ്കൂൾ ആരംഭിച്ചു. പള്ളിവികാരി മാത്യു തെക്കേക്കുളം മാനേജറും റോയി അഗസ്റ്റ്യൻ



പ്രധാനാധ്യാപകനുമായിരുന്നു.1983 മുതൽ



ഹൈസ്കൂളായി പ്രവർത്തനം ആരംഭിച്ചു.ജോർജ് ഉതുപ്പായിരുന്നു

ആദ്യ
പ്രധാനാധ്യപക
ൻ.എസ്.എസ്.എൽ.സിയുടെ ആദ്യ
ബാച്ച് 1986 മാർച്ചിൽ
പരീക്ഷയെഴുതുകയും 90 ശതമാനം
വിജയം കരസ്ഥമാക്കി.1990-ൽ സ്കൂൾ
100 ശതമാനം വിജയം കരസ്ഥമാക്കുകയും
ചെയ്തു.1991 ലും 2003 ലും താമരശ്ശേരി
രൂപതയിലെ ഏറ്റവും
ഉയർന്ന
വിജയശതമാനം
നേടിയ സ്ക്രുളാനുള്ള
ട്രോഫി നേടുകയും
ചെയ്തു.



# കളി ചിരികളുടെ കൊട്ടാരമായ മലബാറിന്റെ ഊട്ടിയിൽ



കുഞ്ഞുഹൃദയങ്ങളുടെ ആഴങ്ങളിലെക്ക് ഓടിയിറങ്ങാൽ തക്കവിധത്തിൽ ഒരു സ്വപ്ന കൂടാരമൊരുക്കുകയാണ് . പി.വി.ആർ എന്ന ഓമനപ്പേരിൽ മലപ്പുറത്തിന്റെ എം.എൽ.എ അൻവർ കുഞ്ഞുങ്ങൾക്കായി ഒരു മനോഹര

പാർക്ക് ഒരുക്കിയിരിക്കുന്നു.ആടി പാടി



രസിക്കാനും തെളിനീരിൽ ഒരു നീരാട്ട് നടത്താനും ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് ഇതിനെ കുറിച്ചുള്ള അഭിപ്രായം . അവർണ്ണനിയമാണ്.കുട്ടികളുടെ മനസ്സറിയാവുന്ന എം.എൽ.എയുടെ കക്കാടം പൊയിലിനുള്ള സംഭാവനയാണ്



'Children's park'

St Marys HS Kakkadampoil



St Marys HS Kakkadampoil

# ഓർമ്മ തൻ മാമരത്തണലിൽ




എങ്ങു പോയ് എങ്ങു
പോയ്
എൻ കൊച്ചു ബാല്യം
കാണാമറയത്തു
യാത്ര പോയോ?
എന്നുംകേൾക്കാമറയത്തുപോയ്മറ
ഞ്ഞോ
ജലമേന്തിയോടിക്കിതച്ച മേഘം
ഇരുളിൽ മറച്ചു
കൊണ്ടുപോയോ?
ദൂരെ ദൂരെയ്ക്ക് യാത്ര പോയോ?
മാരുതനോതിയ മന്ത്രനാദം കേട്ട്
മാമല കേറി മറഞ്ഞ് പോയോ?
നീയും ആ മല കേറി പോയതെന്തേ?
ഓർക്കുന്നു ഞാനാ നല്ല
ദിനങ്ങൾ

St Marys HS Kakkadampoil

പൂത്ത പൂ പോലെ
കൊഴിഞ്ഞുപോയ്
ആ നേർത്ത പൂ പോലെ
കരിഞ്ഞു പോയി.

പ്ലാസ്റ്റിക്ക് നായകനോ
വില്ലനോ?

ഇന്ന് കാണുന്ന കൃത്രിമ
പ്ലാസ്റ്റിക്കിന്റെ
കഥ തുടങ്ങുന്നത് ലിയോബേക്കലൻ
ഡ്
എന്ന ശാസ്ത്രജ്ഞന്റെ
പരീക്ഷണത്തിൽ
നിന്നാണ്.കോലരക്കിന്റെ കൃത്രിമ
രൂപം

St Marys HS Kakkadampoil

നിർമ്മിക്കാനുള്ള അദ്ദേഹത്തിന്റെ
പരീക്ഷണങ്ങൾക്കിടയിൽ ഫിനോൾ,
ഫോർമാൽഡിഹൈഡ് തുടങ്ങിയ
രാസ
വസ്തുക്കളുടെ മിശ്രിതം ഉയർന്ന
താപനിലയിൽ ചൂടാക്കിയപ്പോൾ
കറുപ്പ് നിറത്തിലുള്ള ഒരു പദാർത്ഥം
ലഭിച്ചു. പദാർത്ഥം ഉറച്ചപ്പോൾ
അസാമാന്യം കട്ടപ്പം വരിച്ചതായി
അദ്ദേ
ഹത്തിനു തോന്നി.ഇതോടെ
പുതിയതായി കണ്ടെത്തിയ
വസ്തുവിന്
തന്റെ പേര് ചേർത്ത് ബേക്ലൈറ്റ്
എന്ന്
വിളിച്ചു.ഇതായിരുന്നു ആദ്യ ക്രിത്രിമ
പ്ലാസ്റ്റിക്ക്.ഇതോടെ
വൈത്യുതകമ്പികൾ

പൊതിയാനും റേഡിയോ
ടെലിഫോൺ
എന്നിവയുടെ
ആവരണമുണ്ടാക്കാനും
ഇത് ഉപയോഗിച്ചു തുടങ്ങി.

**പ്ലാസ്റ്റിക്കിന്റെ മേൻമകൾ**

**.തുരുമ്പിക്കില്ല .ജീർണിക്കില്ല .ഏതാ
കൃതിയി
ലും രൂപപ്പെടുത്താം .സാന്ദ്രതകുറവ്**
.ആയുസ്സ് കൂടുതതൽ

<u>വിവിധതരം</u>

<u>പ്ലാസ്റ്റിക്കുകള്</u>

#പെറ്റ് #എച്ച്ഡിപിഇ
#എൽഡിപിഇ #പോളി
പ്രൊപ്പിലിൻ

## #പോളിസ്റ്റൈറിൻ
## പ്ലാസ്റ്റിക്ക് ഉപയോഗം
## കുറക്കാം

## #റീസൈക്കിൾ #റീയൂസ്
## #റെഫ്യൂസ്

**ഇനിയും പ്ലാസ്റ്റിക്ക്**
**ഉപയോഗിക്കു**
**ന്നവരോട്**

**ഒരു വാക്ക് പ്ലാസ്റ്റിക്ക്**

# ഒരുവില്ലനാണേ!

St Marys HS Kakkadampoil

# നിങ്ങളെൻ ലോകത്തെ എന്തു ചെയ്തു

ഒരു തള്ളക്കിളിയരുമക്കുഞ്ഞങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു, പെട്ടന്നവൾ മടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു
തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു
ചെയ്തു.



St Marys HS Kakkadampoil

# മതിലേരിക്കന്നി

തിരുവെഴുത്താലോലാത്ത കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി  നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി
“കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ! വേണ്ടത് ഞാനെ
ഓലുണ്ടരിപൊരിയങ്കതത്തില്
ഞാനുണ്ടിപ്പട്ടുരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്തട്ട് മാള്ള്യേമ്മല്
പൊറുക്കുന്നല്ലച്ചാ പൊറുക്കുന്നില്ലേ
നെഞ്ഞുണ്ടിരുമ്പോലച്ചൂളയാവുന്നേ!
പതിനേഴും കോപ്പും തലതേഞ്ഞിട്ട്
പതിനെട്ടോടത്താഴം വെച്ചനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചാ പൊറുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലെ ഞാൻ തെളിയൂ!
നാട്ടുവാഴിയിരുന്നാലെ ഞാനിരിക്കൂ!

St Marys HS Kakkadampoil

നാളത്തേ പുല്ലുപുലരും കാലം
വേണാട് പൂങ്കൊയിലോം പോണെനിക്ക്
തിരുവെഴുത്താലോലാതുകാണുന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്നെനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിതെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റെച്ചച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്ത്തു താപ്പൂട്ടി വന്നോളാലോ
_ടി. എച്ച്.
കുഞ്ഞിരാമൻനമ്പ്യാർ

# തുടിതാളം തേടി......



നമ്മുടെ മാതാവു
- കൈരളി -
പണ്ടൊരു -
പൊന്മണിപ്പൈതലായ് വാണ കാലം -
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ
റോടിക്കളിച്ചു രസിച്ച കാലം -
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കതപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

# പണ്ടത്തെപ്പാട്ടുകൾ - (വള്ളത്തോൾ )

## വേഗമുറങ്ങൂ



വേഗമുറങ്ങൂ മകളേ, വെയിൽ
ചായുന്നു കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും
കരിം-
കൊമ്പനായി രാത്രി വരുന്നു
മാനും മുയലും ഉറങ്ങി, കാടും
ആറും കടലുമടങ്ങി
പായലിൽ മീൻ മിഴി പൂട്ടി, നീല-
ക്കായലിൻ സ്വപ്നമായി സൂര്യൻ
പക്ഷിയും പാട്ടും മടങ്ങി കൂട്ടിൽ,

അക്ഷരം ഏട്ടിൽ മയങ്ങി.     നീ ഉറങ്ങുമ്പോൾ
മകളേ, ലോകം നീലമയിലിനെപ്പോലെ,
നിൻ മിഴിക്കുളളിൽ മകളേ, കല്ലും
പുല്ലും ഏറുന്നു ചിറകിൽ. നീ മയങ്ങുമ്പോൾ
കിനാവിൻ കൊട്ടും-
പോർനിലം പൂക്കള അമ്മയില്ലാത്തവർക്കെല്ലാം
അപ്പോൾ അമ്മയായ് ഞാൻ നിലാവാകും.
വറ്റും പുഴയിൽ നീർ പാട്ടും, തളിർ
 മുറ്റും ഉണങ്ങിയ കാട്ടിൽ.
വേഗമുറങ്ങൂ മകളേ, രാവിൻ

പൂമരം പൂത്തുലയുന്നു
കാറ്റിൻ ചുമലിലെ കാണാച്ചെണ്ട
ചാറ്റൽമഴ തന്നിറമ്പം
വേഗമുറങ്ങൂ മകളേ,
വേഗമുറങ്ങൂ മലരേ.

- സച്ചിദാനന്ദൻ

# കേരളഗാനം

ജയജയ കോമള കേരളധരണി
ജയജയ മാമക പൂജിത ജനനീ,
മലയജസുരഭില മാരുതമേൽക്കും
മലയാളം ഹാ!
മാമകരാജ്യം!
കല്പകതരുനികരങ്ങൾ
നിരക്കും
കല്പിതഭദ്രവാണെന്നുടെ
രാജ്യം!
കളകളമോതിയിണങ്ങിവരുന്നൊരു
സലിലസമൃതം മാമകരാജ്യം.
തുഞ്ചശുകീകളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം



St Marys HS Kakkadampoil



!




# ഒരുത്തരം

ഇന്നലെ ഇന്നലെ ഈയാകാശം
രൗദ്ര താണ്ഡവമാടിത്തിമിർത്തീലയോ
ആർത്തു ചിരിച്ചു നീങ്ങുന്ന മേഘമേ നീ
പൊട്ടിക്കരഞ്ഞ് തളർന്നീലയോ
ജനസഹസ്രങ്ങളാ കണ്ണുനീർ പൊഴിച്ചും
കൊണ്ടഭയ കേന്ദ്രങ്ങളിലേക്കകന്നീലയോ
പെയ്തതെല്ലാം ആയിരം തുള്ളിയായി-
ന്നൊഴുകി മറഞ്ഞീലയോ
പിന്നെപ്പിന്നെയെന്തെല്ലാ-
മറുതി വരുത്തി നീ,
എന്തിനീ
ഭൂമിയിലാർത്തു പെയ്തു നീ

മഴമേഘമേ ,



St Marys HS Kakkadampoil

ഇന്നു നീയിവഴിയൊഴിഞ്ഞുപോയിടുമ്പോ-
ളെന്തിവിടെ ശേഷിപ്പൂ ബാക്കിയായി.
പെയ്തൊഴിഞ്ഞ മഴമേഘമേ
ഇനിയെന്തെന്നൊരുത്തരം തരൂ......,
വരും വർഷമെന്തെന്നൊരുത്തരം തരൂ.....

St Marys HS Kakkadampoil

# മകനേ പൊറുക്കുക

ഒച്ചയുണ്ടാക്കാതെ പതിയെയെൻ ചാരത്ത്
വന്നു നെറ്റിയിൽ കൈചേർത്തിടുമ്പോൾ
പതിവുപോലമ്മയുണരില്ല മകനേ
പുലരി നാളെയിരുണ്ടു പോമെങ്കിലും
നിദ്രയായമ്മയെന്നു കരുതി നീ
മെല്ലെയെന്നെ പുതപ്പിച്ചു പോകവേ
തപ്തചിന്തയിൽ പൊള്ളിയുറങ്ങാതെ
കണ്ണടച്ചു കിടക്കുകയാണു ഞാൻ
കഷ്ടകാലത്തിന്റെ ഓർമകൾ ചികയുമീ
ശിഷ്ടകാലത്തിന്റെ വിശ്രമവേളയിൽ
കഷ്ടമെല്ലാം സഹിച്ചു സ്നേഹിച്ചിട്ടും
നിന്നെയോർത്തു കലങ്ങുന്നു കണ്ണുകൾ
വൃദ്ധരുറ്റവരെന്നേക്കുമായൊന്നു
കണ്ണടച്ചെങ്കിലെന്നുള്ള പ്രാർത്ഥന
സ്നേഹശൂന്യമാം വീടുകൾക്കക്ഷമ-
യാകെയിവിടം സ്വർഗമാക്കുന്നു നീ
കഷ്ടമാണു നിൻ ജീവിതം തുച്ഛമാം
നിത്യവേതനം തികയില്ലയൊന്നിനും
എങ്കിലും കുറച്ചീടില്ല എന്റെയീ
ശുഷ്കഗാത്രത്തിനായുള്ളൊരർച്ചന
പെറ്റുപോറ്റിയതല്ലെങ്കിലും നിന്റെ
പാതിമെയ്യിനും സ്വന്തമാണമ്മ ഞാൻ
കഥകൾ കേൾക്കുവാനല്ലെങ്കിലും കൊച്ചു
മക്കളുണ്ടാമരികിലായെപ്പോഴും
മിഴിയടക്കാത്തരാക്കളിൽ ജാലക-
ച്ചില്ലിലേതോ വിഷാദതാരസ്മിതം
തെളിയുമപ്പോളേറെയായേകനായ്.....

St Marys HS Kakkadampoil

# എഴുത്തച്ഛൻ

16-ാം നൂറ്റാണ്ടാണ് ജീവിതകാലം. മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലം. എഴുത്തച്ഛനോടുകൂടി മലയാളകവിതയിൽഒരു പുതുയുഗം പിറന്നു. മലയാളഭാഷയെ പ്രാചീനഘട്ട്ത്തിൽ നിന്ന് ആധ്നികതയിലേക്ക് നയിച്ചത് എഴുത്തച്ഛനായിരുന്നു. അലങ്കാരശബളിതമായ കൃത്രിമ രീതിയിലും സംസ്കൃതവൃത്തങ്ങളിലും കാവ്യരചന നടത്തിയിരുന്ന പതിവിൽനിന്ന് വ്യതിയാനം വരുത്തി മാലയാള ഭാഷയെ അതിന്റെ സ്വാഭാവികതയിലേക്ക് ആനയിച്ചത് എഴുത്തച്ഛനാണ്. മലയാള കവിതക്ക് ഭാവഗാംഭീര്യവും ആശയപ്രൗഢിയും അഴകും മിഴിവും നൽകി എഴുത്തച്ഛൻ പുനരുദ്ധരിച്ചു.



മലയാളത്തിൽ അദ്ദേഹത്തിനു മുൻപും കൃതികളുണ്ടായിട്ടുണ്ടെങ്കിലും മലയാളഭാഷക്ക് രൂപംകൊടുത്തു എന്ന അർത്ഥത്തിലല്ല എഴുത്തച്ഛനെ മലയാളത്തിന്റെ പിതാവെന്ന് വിളിച്ചത് പ്രാദേശിക ഭാഷാഭേദങ്ങൾക്കതീതമായി അദ്ദേഹത്തിന്റെ കൃതികൾ പ്രചരിക്കുകയും എല്ലാ വിഭാഗം ജനങ്ങളെയും ഏകീകരിക്കുന്നതിൽ വലിയ പങ്കു വഹിക്കുകയും ചെയ്തു. ഇതിനാലാണ് എഴുത്തച്ഛനെ ഭാഷാപിതാവെന്ന പദവിയിൽ അവരോധിച്ചത്.

## കൃതികൾ:

ദേവീമാഹാത്മ്യം, ഉ്ത്തരരാമായണം, ആധ്യാത്മരാമായണം
കിളിപ്പാട്ട്, ചിന്താരത്നം, ബ്രഹ്മാണ്ഡപുരാണം.

St Marys HS Kakkadampoil



# മഹാകാവ്യം

-

ഒരു കാവ്യശാഖ. മഹാകാവ്യങ്ങളിലെ ഭാഗങ്ങൾക്ക് സർഗങ്ങൾ എന്നാണ് പറയുന്നത്. മഹാകാവ്യങ്ങൾക്ക് ഏഴിൽക്കുറയാതെ സർഗങ്ങളും ഓരോ സർഗങ്ങളും അൻപതിൽക്കുറയാതെ
പദ്യങ്ങളും ഉണ്ടായിരിക്കണം. നായകൻ ധീരോദാത്തനും പ്രതാപവാനും ആയിരിക്കണം എന്നിങ്ങനെയുള്ള ലക്ഷണ
ങ്ങളുണ്ട്. കാളിദാസന്റെ കുമാരസംഭവവും രഘുവശംവും മഹാകാവ്യങ്ങളാണ്. അഴകത്തു പത്മനാഭക്കുറിപ്പിന്റെ രാമചന്ദ്രവിലാസമാണ് ലക്ഷണയുക്തമായ ആദ്യമലയാള മഹാകാവ്യം.



## ഖണ്ഡകാവ്യം

മഹാകാവ്യ പ്രസ്ഥാനത്തെത്തുടര്ന്ന് മലയാളത്തിൽ ആവിർഭവിച്ച
കാവ്യപ്രസ്ഥാനം. ദൈർഘ്യം കുറഞ്ഞ കാവ്യരൂപമാണിത്. ഇംഗ്ലീഷിലെ short poems എന്ന വിഭാഗത്തോട് മലയാളത്തിലെ ഖണ്ഡകാവ്യങ്ങൾക്ക് സാമ്യമുണ്ട്. ഖണ്ഡകാവ്യ-
രചനക്ക് പ്രത്യേക നിബന്ധനകളൊന്നുമില്ല. ഒരു വസ്തുസംഭവമോ വികാരമോ പ്രതിപാദ്യവിഷയമാകാം. ദീർഘമായ വർണ്ണനകളോ അലങ്കാരപ്രയോഗങ്ങളോ വേണമെന്നില്ല.

## കാളകൾ

തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങിടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ ക്രുനിക്കൂടി.




തോളുകൾ കുനിഞ്ഞിട്ടുണ്ടവനും,
സ്വജീവിത-
നാളുകൾ തൻകണ്ണത്തിലേറ്റിയ നുകം
പേറി.
കാളുകൾ തേഞ്ഞിട്ടുണ്ടവനും നെടുനാള -
ക്കാലത്തിൻ കരാളനാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചന്നും മിഴിനീർ
വറ്റിക്കയാൽ
നിർവികാരങ്ങളാണാ കണ്ണുകൾ
നിർജ്ജീവങ്ങൾ.
മന്നിന്റെ നിലക്കാത്ത പ്രഹരം
സഹിക്കയാൽ



പുണ്ണുകൾ പടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ.
ഒട്ടേറെ കാലം മുമ്പിലാചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായി പിറന്ന കാലം മുതൽ ,
ലക്ഷ്യമെ,ങ്ങറിയാതെ, മൃത്യുവിൻ ഭയാനക -
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജ്ജീവിതം കയറ്റിയോരുൾകടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ.

St Marys HS Kakkadampoil

# സഫലമീയാത്ര

ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും, പോകു,മല്ലേ സഖീ? ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ ;
നീയെന്നണിയത്തു തന്നെ നിൽക്കൂ ഇപ്പഴക്കു-
ടൊരു ചുമക്കടിയിടറിവീഴാം
വ്രണിതനാം കണ്ഠത്തിലിന്നു നോവിത്തിരി -
കുറവുണ്ട് , വളരെ നാൾക്കൂടി
നേരിയ നിലാവിന്റെ പിന്നിലെയനന്തതയിൽ -
ലലയുമിരുൾ നീലിമയിൽ
എന്നോ പഴകിയൊരോർമ്മകൾ മാതിരി ,
നിന്നു വിറക്കുമീയേകാന്തതാരങ്ങളെ
ഞാനൊട്ടു കാണട്ടേ, നീ തൊട്ടുനിൽക്കൂ.
ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു കരസ്പർശത്തി,ലൊരു നേർത്ത തേങ്ങലി-
ലിരവിൻ വ്രണങ്ങളിൽ കുളിരു
ചുറഞ്ഞും
കുഴയുമീ
നാളുകളി,ലൊച്ചയുണ്ടാക്കാതെ-
യാതിരവരുവെന്നോ സഖീ?
(എൻ.എൻ കക്കാട് )



St Marys HS Kakkadampoil

## ജവഹർലാൽ നെഹ്റു *(1889-1964)*

അലഹാബാദിൽ 1889 നവംബർ 14 നു ജനിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി.15 വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്ക് പോയി.1912 ൽ ഇന്ത്യയിൽ തിരിച്ചെത്തി. സ്വാന്ത്ര്യസമരത്തിനു നേതൃത്വം നൽകി

പല പ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു. ഇന്ത്യയെ കണ്ടെത്തൽ ,ഒരച്ഛൻ മകൾക്കയച്ച കത്തുകൾ ,തുടങ്ങിവയ പ്രധാന കൃതികൾ.



## മൂർക്കത്തു കുഞ്ഞപ്പ

വിവർത്തകൻ, ഗദ്യകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ.

പത്രത്തിൽ അസോസിയേറ്റ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്.

ഒരു കപ്പിവള ജനിക്കുന്നു, വിജ്ഞാനശകലങ്ങൾ, ഉരുളക്കുപ്പേരി,

സിനിമ എന്നിവയാണ് പ്രധാന കൃതികൾ.
കേരള സാഹിത്യ
അക്കാദമി അവാർഡ്
ലഭിച്ചിട്ടുണ്ട്.



# പദപരിചയം



ഉയിര് -പ്രാണൻ
ജബ്ബൽ -മല
ദുനിയാവ്-ലോകം
പ്രയാണം-യാത്ര
മാലിക്-ദൈവം
വിരഹം-വേർപാട്
സീമ-അതിര്
നിക്ഷ്പ്തം-ഉൾക്കൊണ്ടിട്ടുള്ള
വിജിതൻ -പരാജയപ്പെട്ടവൻ
അനുവർത്തനം-അനുസരണമായത്
രവം- ശബ്ദം
അണിയം-മുന്നിൽ
ആർദ്രം-നനഞ്ഞത്
വ്രണിതം-വ്രണങ്ങളുള്ള
ജനുസ്സ്-വർഗ്ഗം
കാസം -ചുമ
മതിഭ്രമം-ബുദ്ധിഭ്രമം
ഗർത്തം-കുഴി
ധവളം-വെളുപ്പ്
വ്യാളം-പാമ്പ്
പര്യാടകർ-യാത്രികർ
ആരവം-ശബ്ദം
തീഷ്ണ്ണത-കടുപ്പം
ജാഗ്രത-ശ്രുദ്ധ



St Marys HS Kakkadampoil

# ഒരു ചിത്രം

നിയ്യിതുകാൺകൊരാൺകുഞ്ഞിതാ തൻ കുഞ്ഞിക്കയ്യിൽ
ഞെറിയ പാൽപ്പാത്രവുമായി,
പയ്യിനെക്കാലെ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനിൽപ്പൂ

മാതാവോ പൈക്കറ നിർത്തി മണിവള പ്രാതമണിഞ്ഞ
വലത്തുക്കയ്യാൽ
പൈതലെ പേർത്തുമണഞ്ചു പുണർന്നിതി-
പ്രീതയായി കോൾമ്മയിർ കൊണ്ടിടുന്നു

ചേലുററ പാത്രത്തിലമ്മ നറുചൂടു-
പാലും പകർന്നു കൊടുത്തതിനാൽ
ബാലന്റെ ചെന്തൊണ്ടി വായ്യുഞെറ്റു
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു



താമരതാരിതൾ പോലെ
നെടുതായി-
ത്തുമയെഴുതിയ കണ്ണിമയിൽ

St Marys HS Kakkadampoil

Lighting one candle
with another candle - -
spring evening.

-Translated by ROBERT HASS

St Marys HS Kakkadampoil

# Blogs

A blog is a web page with a collection of articles published on the World Wide Web.

Blogging can be seen as a form of social networking service. Blogs provide facilities which help us to express our creative ideas to the world. By using blogs we become the publisher of our own creations. Blogs allow others to read our creations and comments on them.

# Tolstoy farm

Tolstoy farm was a community of Indians started by Gandhiji in Transvaaal,
South Africa, in 1910. It became the head quartersc of the capaign of Satyagraha (non violence). The farm, 21 miles away from Johannesburg, had been bought by Herman Kallenbach, one of Gandhiji's supporters. Both Kallenbach and Gandhiji
were highly impressed by Tolstoy's writings. So they decided to name the farm after Tolstoy. The inmates of were schooled by Gandhiji himself.

St Marys HS Kakkadampoil



## STAY WILD

*You were not born a*
*statue*
*No rooled like a tree*
*You were born a wild*
*one;*
*A spirit pure and free.*

*No cage should hold you captive*
*No title should define*
*You're flexible and fluid;*
*So can change at any time.*

*With nothing set in stone*
*And so much to explore*
*Wander down a million paths;*
*And rattle every door.*

*Never stop adventuring*
*Embrace your inner child*
*Stay fearless stay curious;*
*Stay positive stay wild.*






## *I am a Soldier*

If I die in a war zone, box up me
and send me home.
Put my medals on my chest, tell
my mom I did my best,
Tell my dad not to bow, he
Won't get tension from me now.
Tell my bro to study
perfectly, key of my bike will
he is permanently.
Tell my sister not to be
upset, her bro will take a
long
Sleep after sunset.



St Marys HS Kakkadampoil

*Tell my nation not to cry*
*"Because I'm a Soldier born to die."*

St Marys HS Kakkadampoil

# കാളകൾ

തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങിടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവനും, സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാളുകൾ തേഞ്ഞിട്ടുണ്ടവനും നെടുനാള -
ക്കാലത്തിൻ കരാളനാം പാതകൾ
താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചന്നും മിഴിനീർ
വറ്റിക്കയാൽ
നിർവികാരങ്ങളാണാ കണ്ണുകൾ
നിർജ്ജീവങ്ങൾ.
മന്നിന്റെ നിലക്കാത്ത പ്രഹരം
സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ.
ഒട്ടേറെ കാലം മുമ്പിലാചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായി പിറന്ന കാലം മുതൽ ,
ലക്ഷ്യമെ,ങ്ങറിയാതെ, മൃത്യുവിൻ ഭയാനക -







ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം
പതറാതെ,
ജീവിതം കയറ്റിയോരുൾകടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ
നാളിൽ.

ഓർക്കുക വല്ലപ്പോഴും

St Marys HS Kakkadampoil



# അമ്പാടിയിലേക്ക്

മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നു വിളങ്ങിന നന്ദകുകുമാനെ -
ച്ചെന്നങ്ങു കാൺമ്മതിനായിച്ചെമ്മേ
അക്രൂരമായൊരു മാനസംപൂണ്ടുള്ളോ-
രകാത്രുരനാകിന യദവന്താൻ
ചൊൽക്കൊണ്ടു നിന്നൊരു
തേരിൽകരേറിയ
ട്ടിക്കിനെ നോക്കി നടന്നാനപ്പോൾ.
പോകുന്ന നേരത്തു തന്നിലേ നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി



St Marys HS Kakkadampoil

ജവഹർലാൽ നെഹ്റു (1889-1964)
അലഹാബാദിൽ 1889 നവംബർ 14 ന്ന ജനിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി.15 വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്ക് പോയി.1912 ൽ ഇന്ത്യയിൽ തിരിച്ചെത്തി. സ്വാതന്ത്ര്യസമരത്തിന്ന നേതൃത്വം നൽകി
പല പ്രാവശ്യം ജയിലിൽ കഴിയേണ്ടിവന്നു. ഇന്ത്യയെ കണ്ടെത്തൽ ,ഒരച്ചൻ മകൾക്കയച്ച കത്തുകൾ ,തുടങ്ങിവയ പ്രധാന കൃതികൾ.



മൂർക്കോത്തു കുഞ്ഞപ്പ
വിവർത്തകൻ, ഗദ്യകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. പത്രത്തിൽ അസോസിയേറ്റ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്.
ഒരു കുപ്പിവള ജനിക്കുന്നു, വിജ്ഞാനശകലങ്ങൾ, ഉരുളക്കുപ്പേരി,
സിനിമ എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.





St Marys HS Kakkadampoil

# ഒരു ചിത്രം

നിയ്യിതുകാൺകൊരാൺകുഞ്ഞിതാ തൻ കുഞ്ഞിക്കയ്യിൽ
ചെറിയ പാൽപ്പാത്രവുമായി,
പയ്യിനെക്കാലെ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനിൽപ്പൂ

മാതാവോ പൈക്കറ നിർത്തി മണിവള വ്രാതമണിഞ്ഞ
വലത്തുക്കയ്യാൽ
പൈതലെ പേർത്തുമണച്ചു പുണർന്നിതി-
പ്രീതയായി കോൾമ്മയിർ കൊണ്ടിടുന്നു

ചേലുററ പാത്രത്തിലമ്മ നറുച്ചൂടു-
പാലും പകർന്നു കൊടുത്തതിനാൽ
ബാലന്റെ ചെന്തൊണ്ടി വായ്യുചെറ്റു
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു

താമരതാരിതൾ പോലെ നെടുതായി-
ത്തുമയെഴുതിയ കണ്ണിമയിൽ
പ്രേമവും ഹർഷവും ഉൾക്കൊള്ളുമുണ്ണിതാ-ന്നോമന
വക്ത്യമിതെത്ര
രമ്യം

എമ്മട്ടെന്നോതുവാനൊട്ടും കഴിവില്ലാ-
ത്തമ്മധുരാനനമൊന്നു കണ്ടാൽ
അമ്മക്കു മാത്രനല്ലാർക്കുമേ ചെന്നെടുത്തുമ്മവെച്ചീടുവാൻ
തോന്നുമല്ലോ

-വള്ളത്തോൾ നാരായണമേനോൻ

St Marys HS Kakkadampoil

നന്ദി

ജീവിതത്തിലെ ഒരുപാടു തിരക്കുകൾക്കിടയിലും ഈ
മാഗസിനോട് സഹകരിച്ചവർ അനേകരാണ്.
പോർഷൻസും സിലിബസും എന്ന സ്ഥിരം പല്ലവികൾ
ആവർത്തിക്കാതെ ,ഇതിനായി തങ്ങളുടെ
വിലയേറിയ സമയം സമ്മാനിച്ച പ്രിയപ്പെട്ട അധ്യാപകർ,
കരുത്തായി മുന്നിൽ നിന്നു നയിച്ച ഹെഡ്മാസ്റ്റർ,
മനസ്സു മടുത്തപ്പോഴും നല്ല വാക്കിലൂടെ,
മാതൃകാപരമായ പ്രവർത്തനത്തിലൂടെ കൂടെ നിന്ന എഡിറ്റോറിയൽ ബോർഡ്,
ഓരോ പ്രവർത്തനങ്ങളും ആവേശത്തോടെ,
ആത്മാർത്ഥതയോടെ ,ആഘോഷമാക്കി മാറ്റിയ ലിറ്റിൽ കൈറ്റ് അംഗങ്ങൾ,
ഊർജ്ജം പകർന്ന് ഒപ്പം നിന്ന മാതാപിതാക്കൾ,
ഏവർക്കും സ്നേഹത്തിന്റെ സ്വർണലിപികളിൽ

" നന്ദി"

St Marys HS Kakkadampoil